# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2090 13/06/2019-ൽ മറുപടിയ്ക്ക്

## എസ്.എ.ടി ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്തെ എസ്.എ.ടി ആശുപത്രിയിൽ രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും നേരെയുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റം കാരണം സംഘർഷങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു സുരക്ഷാ ജീവനക്കാരൻ ഡ്യൂട്ടിയിൽ മോശമായി പെരുമാറിയതിനെത്തുടർന്ന് ഇയാളെ ഉടൻ തന്നെ പോലീസിന് കൈമാറുകയും തുടർന്ന് ജോലിയിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റൊരു സംഭവത്തിൽ കുഞ്ഞുമായി ആശുപത്രിയിൽ വന്ന ഒരു വനിതയോട് കുഞ്ഞ് ഛർദ്ദിച്ചതിനെ തുടർന്ന് തുടച്ചുമാറ്റാൻ നിർദ്ദേശിച്ച സുരക്ഷാ ജീവനക്കാരൻ പരസ്യമായി മാപ്പു പറഞ്ഞതിനെത്തുടർന്ന് കർശനമായി താക്കീത് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മോശം പെരുമാറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർക്കെതിരെ ജോലിയിൽ നിന്നും നീക്കം ചെയ്യലുൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നതിനാലും രോഗികളോടൊപ്പം വരുന്നവർ പലപ്പോഴും ഉത്കണ്ഠാകുലരും അക്ഷമരും ആകുന്നതും സംഘർഷങ്ങൾക്ക് പശ്ചാത്തലമാകുന്നുണ്ട്. ഇതൊഴിവാക്കാനായി സെക്യൂരിറ്റി ജീവനക്കാർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നൽകുകയും സ്ട്രെസ് |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഈ വിഷയത്തിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | മോശമായി പെരുമാറുന്ന സുരക്ഷാ ജീവനക്കാരെക്കുറിച്ച് പോലീസിന്റെ (സ്പെഷ്യൽ ബ്രാഞ്ച്) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | സർക്കാർ ആശുപത്രികളിൽ താൽക്കാലിക സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ? | (ഡി) | താൽക്കാലിക സുരക്ഷാ ഉദ്യോഗസ്ഥരുടെ നിയമനം ഔട്ട്സോഴ്സ് ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശം. എന്നാൽ കഴിഞ്ഞ തവണ ഔട്ട്സോഴ്സ് ചെയ്തിരുന്ന ജീവനക്കാർ ശമ്പളം കൂട്ടി നൽകാൻ ആവശ്യപ്പെട്ട് ജോലിയിൽ നിന്നും വിട്ടുനിന്നു. ഇത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി എച്ച്.ഡി.എസ് ഇന്റർവ്യൂ നടത്തി താൽക്കാലിക സുരക്ഷാ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ